(ബി) ഈ കാലയളവിൽ തീർപ്പാക്കാനുദ്ദേശിച്ച ഫയലുകളുടെ എണ്ണം എത്ര എന്നും എത്ര ഫയലുകളിൽ തീർപ്പ് കൽപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ഇതുപോലുള്ള പുതിയ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 100 ദിന കർമ്മപരിപാടി 8-9-2004-ന് ആരംഭിക്കുകയും 17-12-2004-ന് അവസാനിക്കുകയും ചെയ്തു.

(ബി) 8-9-2004-ന് 125266 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നു. ഇതിൽ നടപടികൾ പൂർത്തിയാക്കാവുന്ന 89116 ഫയലുകളിൽ 68150 ഫയലുകൾ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി തീർപ്പുകൽപ്പിച്ചുകഴിഞ്ഞു.

(സി) മുഖ്യമന്ത്രിയുടെ ഒരു വർഷത്തെ ആക്ഷൻ പ്ലാനിൽ ഫയൽ തീർപ്പാക്കൽ നടപടിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

•സർക്കാർ ഓഫീസുകളിലെ പഞ്ചിംഗ് സമ്പ്രദായം

13 [1650] *ശ്രീ. ബിനോയ് വിശ്വം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ഏതൊക്കെ സർക്കാർ ഓഫീസുകളിലാണ് പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിരുന്നത്; നിലവിൽ ഏതൊക്കെ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് എത്ര ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) പഞ്ചിംഗ് സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കിയത് ഭരണ നവീകരണ പരിപാടിയുടെ ഭാഗമായാണോ; ഈ സമ്പ്രദായം സർക്കാർ ഓഫീസുകളിൽ പരാജയപ്പെടാനിടയായത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി ജീവനക്കാരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ നാളിതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

(ബി)—(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി ജീവനക്കാരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യം ഏർപ്പെടുത്തുക, ആധുനിക ഉപകരണങ്ങൾ പ്രദാനം ചെയ്യുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നീ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ഫയൽ തീർപ്പാക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി

14 [1651] *ശ്രീ. എം. കുമാരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയൽ തീർപ്പാക്കൽ നടപടി പ്രകാരം സെക്രട്ടറിയേറ്റിൽ എത്ര ഫയലുകൾ തീർപ്പാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ജന സമ്പർക്ക പരിപാടിയുടെ ഭാഗമായി സെക്രട്ടേറിയറ്റിൽ പുതുതായി എത്ര ഫയലുകൾ ഓപ്പൺ ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഫയലുകളിൽ തീർപ്പുകൽപ്പിക്കാൻ സമയബന്ധിത നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 8-9-2004-ൽ ആകെ 125266 ഫയലുകൾ ഉണ്ടായിരുന്നു. 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി അതിൽ തീർപ്പാക്കാവുന്ന 89116 ഫയലുകളിൽ 68150 ഫയലുകൾ തീർപ്പാക്കി. ബാക്കിയുള്ള ഫയലുകളും വേഗത്തിൽ തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ ഫയലുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly